# ചതിക്കാത്ത കൂട്ടുകാർ

5 കൂട്ടുകാരുടെ കഥയാണിത് .അവരുടെ പേര് മിക്കി, പിങ്കി, റിങ്കി, ബിങ്കി, നിക്കി, എന്നായിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. അവർക്ക് ദിവസവും ഓരോ പ്രശ്നങ്ങൾ അലട്ടാൻ തുടങ്ങി. എന്നാൽ കൂട്ടുകെട്ട് തകരരുതെന്ന രീതിയില് അവർ ഒരുമിച്ച് സഹകരിക്കും. അങ്ങനെ ഒരു ദിവസം ഇതിൽ നിക്കി എന്നു പറയുന്ന കുട്ടിയെ എല്ലാവരും വെറുക്കാൻ ഇടയായി. എന്നാലും അവൾ അതെല്ലാം സന്തോഷത്തോടെ മറികടന്നു.

പിന്നീട് കുറച്ച് ദിവസങ്ങൾക്കു ശേഷം അവർ വീണ്ടും ഒന്നിച്ചു. പിന്നീട് അവർ നല്ല രീതിയിൽ സന്തോഷത്തോടെയും ആനന്ദത്തോടെയും ഒന്നരമാസത്തോളം കഴിഞ്ഞു. പ്രശ്നങ്ങൾ അവർ മ റികടന്ന് നല്ല രീതിയിൽ കഴിഞ്ഞു പോയി. അതിനിടയിൽ അവർക്ക് ചെറിയ പിണക്കങ്ങൾ ഉണ്ടായി. പക്ഷേ തൻെറ സങ്കടവും സന്തോഷവും വിധിച്ചതാണെങ്കിൽ നാം അനുവഭവിക്കേണ്ടതാണല്ലോ അവർക്കിടയിൽ ആ പിണക്കം ഒരുപാടായി. അവർ സങ്കടമുണ്ടായിട്ടും സന്തോഷമുള്ളതു പോലെ പ്രവർത്തിച്ചു.

അങ്ങനെയിരിക്കെ ഇതിലെ ഒരാൾക്ക് ഒരപകടം പറ്റി. തന്നെ കൂട്ടുകാരിൽ ആരും തിരിഞ്ഞു നോക്കില്ലെന്ന് അവൾ കരുതി. എന്നാൽ എത്ര ദേഷ്യമുണ്ടായിട്ടും അവളുടെ കൂട്ടുകാർ നിഴലായി അവളുടെ കൂടെ നിന്നു. ഇതിനുശേഷം ഇവൾക്ക് മനസ്സിലായി നല്ല കൂട്ടുകെട്ടാണെങ്കിൽ ഒരുമിച്ചെനിൽക്കു എന്ന്. അങ്ങനെ ഇപ്പോഴും അവർ നല്ല രീതിയിൽ കൂട്ടുകാരായി കഴിയുന്നു.

# *മഴയുള്ള ഒരു കാലം*

ഒരു ദിവസം മീനാക്ഷി എന്നൊരു കുട്ടി സ്കൂളിലേക്ക് പോവുകയായിരുന്നു. പക്ഷേ അന്ന് മഴയുള്ള കാലമായിരുന്നു. പക്ഷേ അവൾ പാവപ്പെട്ട വീട്ടിലെ കുട്ടിയായിരുന്നു. അവൾക്ക് ഒരു യൂണിഫോം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളുടെ വീട്ടിൽ കുട ഉണ്ടായിരുന്നില്ല. എന്നാലും അവൾ കുടയില്ലാതെ സക്കൂളിലേക്ക് പോയി. കാരണം അവൾ ക്ക് പഠിക്കാനുള്ള ആഗ്രഹം ഉണ്ടായിരുന്നു. കുടയില്ലാതെ അവൾ വാഴയില കുടയാക്കിയാണ് സ്കൂളിലേക്ക് പോയിരുന്നത്. അന്ന് ഒന്നോ രണ്ടോ കുട്ടികളുടെ കയ്യിലാണ് കുട ഉണ്ടായിരുന്നത്. അവൾക്കും കുടയിൽ സ്കൂളിലേക്ക് പോകാൻ കൊതിയുണ്ടായിരുന്നു. അതൊക്കെ അവൾക്ക് സ്വപ്നം കാണാനേ വിധിയുള്ളൂ. ഒരു ദിവസം രാവിലെ എണീറ്റു പുറത്ത് ഇറങ്ങിയപ്പോൾ നല്ല മഴ. ഞാൻ എങ്ങനെ സ്കൂളിലേക്ക് പോകും എന്നവൾ ചിന്തിച്ചു. അവൾ കുളിക്കാൻ പോയി.അങ്ങനെ കുളിച്ചൊരുങ്ങി. മുറ്റത്തേക്ക് ഇറങ്ങി. നല്ല മഴയും കാറ്റും. അവളുടെ കയ്യിൽകയ്യിൽ കുടയുണ്ടായിരുന്നില്ല. അപ്പോൾ അത് വഴി അവളുടെ കൂട്ടുകാരി അനുവഴി വന്നു. അവളുടെ അടുത്ത് കുട ഉണ്ടായിരിന്നു. സ്കൂളിന് അടുത്ത് കടയുമുണ്ടായിരുന്നു. അവൾക്ക് മിഠായി വാങ്ങാൻ പൈസ ഉണ്ടായിരുന്നില്ല. അത്രക്കും കഷ്ട്ടപ്പാടിലായിരു അവൾ. അവളുടെ അമ്മ കൂലിപ്പണിക്ക് പോയിട്ടായിരുന്നു നോക്കിയിരുന്നത്. അവൾക്ക് അച്ഛനില്ല. ഒരു ദിവസ്സം അവൾ സാധനങ്ങൾ വാങ്ങാൻ കടയിലേക്ക് പോയി. അവിടെ ഭയങ്കര തിരക്കായിരുന്നു. അവിടെ ഒരു പണക്കാരനായ

മനുഷ്യൻ ഉണ്ടായിരുന്നു. അവരൊക്കെ സാധനങ്ങൾ വാങ്ങി. എന്നിട്ടും അവൾ വാങ്ങിയില്ല അദ്ദേഹം അവളെ നോക്കി നിന്നു. എന്നിട്ട് അവളോട് പേര് ചോദിച്ചു. മീനാക്ഷി എന്ന ഉത്തരം പറഞ്ഞു. നിനക്ക് സാധനങ്ങൾ വേണ്ടേ. നിങ്ങളൊക്കെ വാങ്ങി കഴിഞ്ഞിട്ട് മതി. നിങ്ങളൊക്കെ തിരക്കുള്ള ആളുകൾ അല്ലേ. അപ്പോൾ അവർ പറഞ്ഞു നീ ആദ്യം വാങ്ങിക്കോ മോളെ. ഞങ്ങൾക്ക് തിരക്കൊന്നും ഇല്ല. അവൾ വാങ്ങി. പിന്നീട് അവൾ ഈ മിഠായിക്ക് എത്രയെന്നു ചോദിച്ചു അതിന് രണ്ട് രൂപയാണ്. അവളുടെ കയ്യിൽ 50 പൈസയെ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ അയാൾ എന്താണ് വേണ്ടത് എന്ന് ചോദിച്ചു. സർ വേണ്ട പൈസയില്ല. ഞാൻ തരാം എന്നയാൾ പറഞ്ഞു. അവൾക്ക് സന്തോഷമായി. അങ്ങനെ അവരോട് നന്ദി പറഞ്ഞു പോയി. അവൾക്ക് ഭയങ്കര സന്തോഷമായി .

# *മറക്കാത്ത കൂട്ടുകെട്ട്*

ഒരു കാലത്ത് നമ്മുടെ പോലെത്തന്നെ രണ്ടു കൂട്ടുകാരായിരുന്നു നയനയും നന്ദനയും.പരസ്പരം ദുഖങ്ങളും സന്തോഷങ്ങളുമെല്ലാം പങ്കുവെച്ചിരുന്ന രണ്ടു മനസുകൾ. ഇവരിൽ നയന വലിയ പണക്കാരിയായിരുന്നു. എന്നാൽ നന്ദന പാവപ്പെട്ട വീട്ടിലെ കുട്ടിയും. അവളുടെ അച്ഛൻ ശരീരമാകെ തളർന്ന് കിടപ്പിലാണ്. അമ്മ ജോലി ചെയ്തിട്ടാണ് കുടുംബം പോറ്റിയിരുന്നത്. എന്നാൽ നയനയ്ക്ക നന്ദനയോട് വലിയ പൊങ്ങച്ചമൊന്നും ഉണ്ടായിരുന്നില്ല. നന്ദനയെ നയന നന്നായി സഹായിക്കുമായിരുന്നു. അങ്ങനെ ഇവർ രണ്ടുപേരും ഒരുപാട് വലുതായി. പഠനമെല്ലാം കഴിഞ്ഞു നയന ഒരു സ്കൂൾ പ്രിൻസിപ്പലും നന്ദന തന്റെ എല്ലാ കഷ്ടതകളും മറികടന്നു ഒരു പോലീസ് ഓഫീസറും ആയി. അങ്ങനെ ഇടക്കിടെയെല്ലാം ഇവർ തമ്മിൽ കണ്ടുമുട്ടുമായിരുന്നു. എല്ലാ വിശേഷങ്ങളും പങ്കുവെച്ചിരുന്നു. ഇതിനിടെ നയനയ്ക്ക് നന്ദനയോട് അസൂയയും ദേഷ്യവും ഉണ്ടാവാൻ തുടങ്ങി. ദിവസങ്ങൾ കൂടുംന്തോറും ഇത് കൂടുകയല്ലാതം കുറഞ്ഞില്ല. നന്ദനയ്ക്ക് ഇതെല്ലൊം മനസിലാകാൻ തുടങ്ങി. അങ്ങനെ ഇവർ രണ്ടപേരും തമ്മിൽ ശത്രുത വർദ്ധിക്കാൻ തുടങ്ങി. ഇതിനിടെ നയനയുടെ സ്കൂളിൽ ഒരു മരണമുണ്ടായി. പ്രിൻസിപ്പാൾ എന്ന നിലയിൽ . നയന അതു കൈകാര്യം ചെയ്യാൻ തുടങ്ങി. പിന്നീടതുന

# *'എൻ മാതാ'*

എന്റെ ഈ കഥയുടെ തുടക്കം അങ് ദൂരെ വേദനകളുടെയും ദാരിദ്രത്തിന്റെയും യുദ്ദങ്ങളുടെയും പട്ടിണിയുടെയും വിധവകളുടെയും നാടായ ജപ്പാനിലാണ് കഥയിലെ നായകൻ അല്ല വില്ലൻ നമ്മുടെ റോക്കിയാണ് ജനിച്ചത് തന്നെ ഒരു യുദ്ദത്തിനിടയിലാണ് ആ യുദ്ദത്തിനിടയിൽ അച്ചൻ മരണപ്പെട്ടു പിന്നീട് അവൻ അവന്റെ അമ്മയുടെ സംരക്ഷണത്തിൽ വളർന്നു .ദാരിദ്രം കൊയ്യുന്ന മരങ്ങൾ പട്ടിണി മാറാത്ത വീടുകൾ ഇരുട്ടിന്റെ ലോകമായിരുന്നു അന്ന് ജപ്പാൻ ,ഹിരോഷിമയും നാഗസാക്കിയും. അവന്റെ അമ്മ എല്ലാ വിധ ജോലികളും ചെയ്തിട്ടും അവനെ വളർത്താൻ കയിഞ്ഞില്ല. അവന് ബുദ്ദിവെച്ചപ്പോൾ അവന്റെ അമ്മ അവനോടോതികെടുത്തു

'നീ എങ്ങനെ ജീവിക്കുന്നു എന്നെനിക്കറിയേണ്ട എന്നാൽ മരിക്കുമ്പോൾനീ ഒരു സമ്പന്നനായി മരിക്കണം ഇതും പറഞ്ഞു അമ്മയുടെ അവസാന ശ്യാസം അവന്റെ ഓരോ ചെവികളിലും പതിഞ്ഞു പിന്നീട് അവൻ തെരുവിലൂടെ അലഞ്ഞു അപ്പോൾ ഒരു ഭ്രാന്തൻ അവനെ പിടിച്ചു നിർത്തി ചോദിച്ചു നീ നീ  നിനക്ക് പൈസ വേണമല്ലേ അങ്ങനെ അയാൾ കുറെ ചില്ലറ പെറുക്കി അവനു കൊടുത്തു അവൻ പറഞ്ഞു എനിക്ക് ഇനിയും കൂടുതൽ നോട്ടുകൾ വേണം അപ്പോൾ ആ ഭ്രാന്തൻ ഒരു മനുഷ്യന്റെ കോളറിൽ പിടിച്ചു നോട്ടുകൾ തട്ടിയെടുത്തു പറഞ്ഞു ചില്ലറ കാശിന്ന് കയ്യ് നീട്ടണം കൂടുതൽ വേണമെൻകിൽ ആ കയ്യ് കൊണ്ട് തട്ടിപ്പരിക്കണം അതിന് പവർ വേണം അപ്പോൾ അവൻ പറഞ്ഞു പവർ പവർ അത് എവിടെ കിട്ടും അപ്പോൾ ആ ഭ്രാന്തൻ പറഞ്ഞു

